പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **6480** — 11.07.2012 ൽ മറുപടിയ്ക്ക്

**കൊട്ടാരക്കരയിലെ മോഷണക്കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കൊട്ടാരക്കര പോലീസ് സർക്കിളിന്റെ പരിധിയിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര മോഷണം നടന്നിട്ടുണ്ട്; വിശദമാക്കാമോ ; | (എ) | 325 മോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>2007-37, 2008-46, 2009-60, 2010-58, 2011-86, 30.06.2012 വരെ 38. |
| (ബി) | എത്ര കേസ്സുകളിൽ പ്രതികളെ പിടിച്ചിട്ടുണ്ട്; അന്വേഷണ ഉദ്യോഗസ്ഥരുടെ പേരുവിവരം വെളിപ്പെടുത്താമോ ; | (ബി) | 150 കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവയിൽ 83 കേസുകൾ കൊട്ടാരക്കര എസ്.ഐ.യും, 49 കേസുകൾ കൊട്ടാരക്കര സി.ഐ.യും, 18 കേസുകൾ പുത്തൂർ എസ്.ഐ.യുമാണ് അന്വേഷണം നടത്തിയത്. |
| (സി) | തമിഴ്നാട് മോഷ്ടാക്കളുമായി ബന്ധമുള്ള എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; അന്വേഷണം ഏതു ഘട്ടത്തിലാണെന്നും അന്വേഷണത്തിന് നേതൃത്വം കൊടുക്കുന്നതാരാണെന്നും വിശദമാക്കാമോ ; | (സി) | തമിഴ്നാട് മോഷ്ടാക്കളുമായി ബന്ധമുള്ള 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ ഇവയിൽ 7 കേസുകൾ മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്ക് 2009-ൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ശേഷിച്ച 7 കേസുകളിൽ 6 എണ്ണത്തിൽ വിചാരണ നടക്കുന്നു. ഒരു കേസിൽ പ്രതിയെ വെറുതെ വിട്ടു. ഒരു കേസിൽ കൊട്ടാരക്കര സി.ഐ.യും മറ്റു 6 കേസുകളിൽ കൊട്ടാരക്കര എസ്.ഐ.യും അന്വേഷണത്തിന് നേതൃത്വം നൽകിയിട്ടുള്ളതാണ്. |

(ഡി) തേവലപ്പുറം പടിഞ്ഞാറ് രജനീ മന്ദിര ത്തിലെ രജനിയുടെ വീട്ടിൽ നടന്ന മോഷണം സംബന്ധിച്ച കേസ് തെളിയേണ്ടും പട്ടികയിൽപ്പെടുത്തി അന്വേഷണം മരവിപ്പിച്ചതിനെതിരെ പരാതിക്കാരി സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; കേസ് റീ-ഓപ്പൺ ചെയ്ത് അന്വേഷണം നടത്തുമോ;

(ഡി) കേസ് തെളിയേണ്ടും പട്ടികയിലാണെങ്കിലും ഈ കേസിന്റെ അന്വേഷണം തുടർന്നു വരുന്നു. പരാതിക്കാരി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ GSI ശ്രീ. നാസർ, GASI രാജേന്ദ്രൻ, SCPO 4615 ശ്രീ. രഘു എന്നിവർ ഉൾപ്പെട്ട ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് കൊട്ടാരക്കര പോലീസ് സ്റ്റേഷൻ ക്രൈം. 899/08 u/s 457, 461, 380, 34 IPC പ്രകാരം കേസ് ഊർജിതമായി അന്വേഷിച്ചു വരികയാണ്.

(ഇ) തമിഴ്നാട്ടുകാരുടെ സാന്നിദ്ധ്യം അധിക മുള്ള പ്രസ്തുത പ്രദേശത്ത് നിരീക്ഷണം നടത്തുവാനും പോലീസ് രാത്രികാല പട്രോളിംഗ് നടത്തുവാനും പ്രത്യേക ടീം രൂപീകരിക്കുവാൻ കൊട്ടാരക്കര റൂറൽ എസ്.പി.ക്ക് നിർദ്ദേശം നൽകുമോ ?

(ഇ) കൊട്ടാരക്കര പ്രദേശത്ത് തമിഴ്നാട്ടുകാരുടെ സാന്നിദ്ധ്യം അധികമുള്ള സ്ഥലങ്ങളിൽ രഹസ്യാന്വേഷണവും നിരീക്ഷണവും നടത്തി വരുന്നുണ്ട്. കൂടാതെ, മേഖലയിലെ പ്രസ്തുത പ്രദേശങ്ങളിലേയ്ക്ക് രാത്രികാല പട്രോളിംഗും നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ